പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3401

09.04.2013 ൽ
മറുപടിയ്ക്ക്

## തൃശൂർ ജില്ലയിലെ ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| എ) തൃശൂർ ജില്ലയിലെ വിവിധ പുറമ്പോക്കുകളിൽ, വർഷങ്ങളായി താമസിച്ചു വരുന്നവരുടെ അപേക്ഷകളിന്മേൽ പട്ടയം നൽകുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ; | എ) തൃശൂർ ജില്ലയിൽ വിവിധ പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിച്ചുവരുന്ന കൈവശക്കാർക്ക് പട്ടയം നൽകുന്ന വിഷയത്തിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇവയിൽ റവന്യൂ പുറമ്പോക്ക്, തരിശ് വിഭാഗത്തിൽ പെടുന്നവർക്ക് കേരള ഭൂമി പതിവ് നിയമത്തിന് വിധേയമായി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയം നൽകാവുന്നതാണ്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട പുറമ്പോക്കുകളിൽ ടി വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പട്ടയം നൽകുവാൻ നിർവ്വാഹമുള്ളു. ആയത് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) ചാലക്കുടി മണ്ഡലത്തിലെ സ്വന്തമായി ഭൂമിയില്ലാത്ത, ഭൂരഹിതരായവർക്ക് ഭൂമി നൽകുന്നതിനുള്ള സർക്കാർ നടപടി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | ബി) മണ്ഡലം തിരിച്ചല്ല ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015 പ്രകാരം അർഹരായി കണ്ടെത്തിയ എല്ലാ കുടുംബങ്ങൾക്കും 2015 ആഗസ്റ്റ് 15 നകം 3 സെന്റ് ഭൂമി വീതം നൽകുന്നതാണ്. ആദ്യഘട്ടമായി സംസ്ഥാനമൊട്ടാകെ ഒരു ലക്ഷം പേർക്ക് 3 സെന്റ് ഭൂമി വിതരണം ചെയ്യുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ഭൂമി കണ്ടെത്തിവരുന്നു. |

സെക്ഷൻ ഓഫീസർ